കണ്ണ തിരുമ്മിക്കൊണ്ട് അടുക്കളയിൽ ചെന്ന് നോക്കി ,അവിടെ അമ്മയെ കണ്ടില്ല.ഞാൻ വിചാരിച്ത്ു അമ്മയുടെ കുളി കഴിഞ്ഞു കാണില്ല എന്ന്. പക്ഷേ അമ്മ ഈ സമയത്ത് കുളിച്ച് മുടി ചീകി തുളസിയില ചൂടി അമ്പലത്തിൽ നിന്ന് വരേണ്ട സമയം കഴിഞ്ഞിരുന്നു.ഞാൻ മിന്നുക്കുട്ടിയുടെ
തേങ്ങൽ കേട്ട് മെല്ലെ വന്നു. അവൾ "അമ്മ"എന്നു പറഞ്ഞ് ചിണുങ്ങുന്നുണ്ട് ഞാൻ അവളെ എടുത്തു അവൾ അമ്മ എവിടെ എന്ന് ചോദിച്ചു.ഞാൻ അവളെ സമാധാനിപ്പിക്കാൻ അമ്മ കുളിക്കുകയാണെന്ന് പറഞ്ഞു.അച്ഛൻ
ഉമ്മറത്ത് മറുഭാഗത്ത് നിന്ന അച്ഛൻ അത്യ വാർത്ത കേട്ട് തളർന്ന് പോയി.

ഞാൻ ചെന്ന് അച്ഛനെ വിളിച്ചു.അച്ഛൻ കേട്ടില്ല. ഞാൻ ഒന്നു കൂടി തടവി വിളിച്ചു.അച്ഛന്റെ കണ്ണിൽ നിന്ന് കണ്ണനീർ പൊഴിയുന്നുണ്ടായിരുന്നു.

ഞാൻ കാര്യം അന്വേഷിച്ചു.അപ്പൊൾ തന്നെ മിന്നുക്കുട്ടി വന്ന് അച്ഛനോട് ഒരിടറുന്ന ശബ്ദത്തിൽ ചിണുങ്ങി ചോദിച്ചു:അച്ഛാ അമ്മ എവിടെ? അച്ഛൻ പെട്ടെന്ന് ഞെട്ടി,അമ്മ.........അമ്മ....... എന്ന വാക്ക് മാത്രം പിന്നെ അച്ഛൻ നിശബ്ദതയിലായി.ഞാൻ മിന്നുക്കുട്ടിയെയും കൊണ്ട് അച്ഛമ്മയുടെ മുറിയിൽ ചെന്നു. അച്ഛമ്മ എന്നെ കുട്ടാ എന്ന് വിളിച്ചു കൊണ്ട് പറഞ്ഞു : അമ്മ നിങ്ങളെ വിട്ട് അമ്മയുടെ വീട്ടിലേക്ക് പോയി.ഇന്ന് സന്ധ്യാനേരത്ത് വരും എന്ന് പറഞ്ഞു.നിങ്ങളുടെ അമ്മയ്ക്ക് സുഖമില്ല അച്ഛമ്മ ഇടറിയ ശബ്ദത്തിൽ പറഞ്ഞു. അച്ഛമ്മേ ഞങ്ങൾക്ക് വിശക്കുന്നു.അമ്മ ഇല്ലാത്തതുകൊണ്ട് ഇവിടെ മടിച്ചിരിക്കുകയാണല്ലേ? അച്ഛമ്മ മിണ്ടിയില്ല ,ഞങ്ങളെ വളരെ സ്നേഹത്താടെ തലോടി. എന്നാൽ അത് വഴിയാണ് കുട്ടന്റെ ചങ്ങാതി അഭിനവ് പോയത്.അവൻ വികൃതിക്കുട്ടിയാണ്.അവൻ എന്ത് കേട്ടാലും ഉറക്കെ വിളച്ച് പറയും.എന്നിട്ട് പരിഹസിക്കുകയും ചെയ്യും.അങ്ങനെ അവൻ കുട്ടനെ നോക്കി ഉറക്കെ വിളിച്ച് പറഞ്ഞു കുട്ടന്റെ അമ്മ ഒളിച്ചോടി പോയേ ...... കുട്ടൻ അത് കേട്ട് ആകെ ഭയന്നു. ചെറുതായി അവന്റെ മനസ്സിൽ എന്തോ ഒന്ന് വന്ന് തടഞ്ഞതുപോലെ പക്ഷെ അവൻ ചെറിയ കുട്ടിയാണെങ്കിലും അവന് വേണ്ടത്ര ബുദ്ധിയുണ്ട് അവനൊരു നിമിഷം ചിന്തിച്ചു "എന്തിനാണ് അമ്മ ഒളിച്ചോടേണ്ടത്. അമ്മക്ക് ഒരു ഭർത്താവ് ഇല്ലേ എന്റെ അച്ഛൻ" അവൻ എന്നെ വെറുതെ പരിഹസിക്കുന്നതായിരിക്കും

എന്ന് കരുതി അവൻ തന്നെ സമാധാനിപ്പിച്ച് മനസ്സിന് ഒരു സുഖം പ്രാപിച്ചു. പക്ഷെ ഇത് എന്താ എന്റെ വീട്ടിലേക്ക് കുറച്ചു ആൾക്കാർ

അവർ വന്നയുടനെ എന്നെ തലോടി പിന്നെ അകത്ത് എന്റെ അനുജത്തി മിന്നുവിനെയും വളരെ ലാളനയോടെ ചുംബിച്ചു എനിക്ക് ഇപ്പോൾ തോന്നിയത് എന്റെ അമ്മ മരിച്ച് പോയോ എന്ന് മാത്രമാണ് പക്ഷെ വന്നവരെല്ലാം ഒന്നു പറയുന്നത് മാത്രമേ എനിക്ക് വ്യക്തമായി കേട്ടിട്ടുള്ളു എന്നാലും ഈ രണ്ടു പിഞ്ചുകുഞ്ഞങ്ങളെ ഒറ്റക്കാക്കി എങ്ങനെ ഇവൾക്ക് പോകാൻ തോന്നിയത്. പോയതാണെങ്കിലോ മീൻകാരൻ വാസുവിന്റെ കൂടെ അപ്പോഴാണ് അവൻ അഭിനവ് പറഞ്ഞത് ഓർത്തത് സത്യമാണ് . എന്റെ വഞ്ചകിയാണ് . ഒരു യഥാർത്ഥ അമ്മയല്ല . എനിക്ക് അമ്മയെ ഇഷ്ടമല്ല ഇനി ഞാൻ മിന്നുവിനെ എങ്ങനെ പറഞ്ഞ് മനസിലാക്കും അവൾക്ക് എന്തറിയാം ഇതിനെകുറിച്ചൊക്കെ പക്ഷെ അവൻ ഒരു ഉറച്ച തീരുമാനമെടുത്തു എന്റെ സഹോദരിയെ ഞാൻ നോകും അവളെ ഞാൻ കുളിപ്പിച്ച് സുന്ദരിയാക്കി നല്ല കുട്ടിയാകും അവളെ ഞാൻ പഠിപ്പിക്കും. അതുപോലെ ഞാൻ പഠിപ്പിച്ച് വലിയ ഒരു ജോലി നേടി എന്റെ അച്ഛനെയും മിന്നുവിനെയും അച്ഛമ്മയെയും ഞാൻ നോക്കും . അവൻ മനസ്സിൽ ഉറച്ച് തീരുമാനിക്കുകയും അവന്റെ കണ്ണുകളിൽ ഒരു തുള്ളി കണ്ണനീർ " സ്നേഹകണ്ണീർ "എന്ന പോലെ മൃദുലമായി നിലത്തു പതിച്ചു.

# പൂരങ്ങളുടെ പൂരം

പൂരങ്ങളുടെ പൂരം എന്നാണ് തൃശ്ശൂർ പൂരം എന്നറിയപ്പെടുന്നത് . തൃശ്ശൂർ ജില്ലയിലെ വടക്കുന്നാഥ ക്ഷേത്രാങ്കണത്തിലുള്ള തേക്കിൻ കാട് മൈതാനത്ത് മേട മാസത്തിലെ പൂരം നാളിലാണ് ഈ ഉത്സവം നടക്കുന്നത് . പൂരം നാളിൽ രാവിലെ തിരുവമ്പാടി ശ്രീ കൃഷ്ണ ക്ഷേത്രത്തിൽ മുഴങ്ങുന്ന കതിന വെടിയോടെ പൂരച്ചടങ്ങുകൾ ആരംഭിക്കും പതിനഞ്ച് ആനകൾ തിരുവമ്പാടി ക്ഷേത്രത്തിന് പ്രദക്ഷിണം വെച്ച് ഘോഷയാത്രയായി വടക്കുനാഥ ക്ഷേത്രത്തിനുള്ളിൽ കൂടി ക്ഷേത്രത്തിന്റെ ഒരു വശത്തായി അണിനിരക്കുന്നു . പ്രധാന ആനയുടെ പുറത്ത് ശ്രീ കൃഷ്ണ രൂപം കൊത്തിയ തിടമ്പും കാണും അതേ സമയം പതിനഞ്ച് ആനകൾ തുടങ്ങിയ മറ്റൊരു സംഘം മൈതാനത്തിന്റെ എതിർ ദിശയിൽ ആദ്യ സംഘത്തിന് അഭിമുഖയായി അണിനിരക്കുന്നു.

ഈ സംഘത്തെ നയിക്കുന്ന ആനയുടെ പുറത്ത് ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പ് ഉണ്ടായിരിക്കും . ആനകൾ അണിനിരന്നു കഴിഞ്ഞാൽ ചാണ്ടി മേളം , പഞ്ചാരി എന്നിവ ആരംഭിക്കുന്നു . മത്സര ബുദ്ധിയോടെ അവതരിപ്പിക്കുന്ന മേളത്തിൽ എൻപതോളം ചെണ്ടക്കാരെ കൂടാതെ തിമില, കൊമ്പ്, കുഴൽ, ഇലത്താളം, ശംഖ് എന്നീ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ഉണ്ടാകും. വടക്കുനാഥാ ക്ഷേത്ര പരിസരത്തുള്ള ഇലഞ്ഞിയുടെ ചുവട്ടിൽ പ്രസിദ്ധമായ ഇലഞ്ഞിതറമേളം ഉച്ചയ്ക്ക്

ആരംഭിച്ച്അരങ്ങു തകർക്കുന്നു ആനപ്പുറത്ത് ആലവാട്ടം ,വെഞ്ചാമരം എന്നിവ പിടിക്കുന്നവരും മുത്തുക്കുട എന്നിവരും നിലയുറപ്പിക്കും . സന്ധ്യ ആകുംമ്പോൾ കുടമാറ്റം ആരംഭിക്കുകയായി . വിവിധ വർണ്ണങ്ങളിലുള്ളതും മനോഹരങ്ങളുമായ കുടകൾ കലാബോധത്തോടെ മാറ്റി മാറ്റി ഇരുവശക്കാരും വർണ്ണങ്ങളുടെ മായാ പ്രപഞ്ചത്തം തന്നെ സൃഷ്ടിക്കുന്നു . പശ്ചാത്തലത്തിൽ പഞ്ചവാദ്യവും ചെണ്ട മേളവും മുഴങ്ങിക്കൊണ്ടേയിരിക്കും . കുടമാറ്റത്തിന് ശേഷം ആനകൾ മടങ്ങിപ്പോവുകയും തിടമ്പുകൾ ശ്രീ കോവിലേക്ക് തിരികെ വയ്ക്കുകയും ചെയ്യുന്നു . വെളുപ്പിന് മൂന്നുമണിക്ക് വർണ പുഷ്പങ്ങൾ വിരിയുന്ന കരിമരുന്ന് പ്രയോഗം ആരംഭിക്കും . പിറ്റേ ദിവസം ചെറിയ രീതിയിലുള്ള എഴുന്നള്ളിപ്പും കുടമാറ്റവും കാണും . ഉച്ചയ്ക്ക് ഏകദേശം രണ്ടു മണിയോടെ പൂരചടങ്ങുകൾ അവസാനിക്കുന്നു

# കണ്ണീരിൽ കുതിർന്ന ജീവിത യാത്ര

ചന്തുവിന് ഏറ്റവും സന്തോഷമുള്ള ദിവസമാണ് ഇന്ന്. കാരണം അവൻ ഇന്ന് ജേലിക്ക് പോവുകയാണ്.ഒരു ജോലി ശരിയായിട്ടുണ്ട്. നല്ല കുട്ടിയാണ് ചന്തു. ചെറുപ്പത്തി-ലെ അവന്റെ അമ്മ മരിച്ചു. പിന്നീടുള്ള കാലം അവനും അച്ഛ-നുമാണ് ജീവിച്ചിരുന്നത്. ഒരു കുടിലിലായിരുന്നു താമസിച്ചത്. ഒരു മുറി മാത്രമുള്ള ആ കുടിലിൽ എന്നും പട്ടിണിയായിരുന്നു. അച്ഛൻ വിറക് കൊത്തിയും ആണുങ്ങൾക്ക് ചെയ്യാവുന്ന എല്ലാ ജോലിയും ചെയ്ത് ആ വീട്ടിലെ പട്ടിണി മാറ്റി. അതുകെ-ാണ്ടു തന്നെ ചന്തുവിന് അച്ഛൻ പ്രിയ്യമുള്ളതായിരുന്നു. അവൻ പടിക്കാൻ ഒന്നാമനായിരുന്നു. അച്ഛൻ എപ്പോഴും അവനോട് പറയും:-"നീ വളർന്നിട്ടു വേണം നല്ല ജോലിയെ-ാക്കെ കിട്ടി എനിക്ക് വിശ്രമിക്കാൻ". ഇതു പറയുമ്പോ അച്ഛന്റെ കണ്ണ് നിറയും. അച്ഛന് അവനിൽ പ്രതീക്ഷ ഉണ്ടാ-യിരുന്നു. അതു കൊണ്ട് തന്നെ അവൻ നല്ല വണ്ണം പഠി-ക്കാൻ ശ്രമിച്ചു. ക്ലാസിൽ എത്തുമ്പോഴും അവനായിരുന്ന ഒന്നാമൻ. എല്ലാ മൽസരങ്ങളിലും അവൻ പങ്കെടുത്ത് വിജ-യം നേടി ആ ഒറ്റമുറി വീട് അവന്റെ സമ്മാനങ്ങൾ കൊണ്ടു നിറഞ്ഞു. അച്ഛന്റെ കവിളിലൂടെ ആനന്ദക്കണ്ണീർ ഒഴുകി.

തിരുവനന്തപുരത്തുള്ള ഒരു ഓഫീസിൽ നിന്നാണ് അവന്ന് ഒരു ജോലി ശെരിയായിട്ടുള്ളത്.പക്ഷെ ഈ ജോലി കിട്ടിയ-തിൽ അവന് സന്തോഷവും സങ്കടവുമുണ്ടായിരുന്നു. അവ-ന്റെ സങ്കടത്തിനു കാരണം രോഗം ബാധിച്ച അച്ഛൻ ഒറ്റ-ക്കാവും എന്നുള്ളതായിരുന്നു. അച്ഛൻ മകനെ സന്തോഷ-ത്തോടെ യാത്രഅയച്ചു കൊണ്ടു പറഞ്ഞു:–" മകനേ ഞാൻ നിന്നോട് 4.50 pt ചെറുപ്പത്തിൽപറഞ്ഞകാര്യം ഓർമ്മയി-ല്ലെ നീ ജയിച്ചു വാ മകനേ". അതുപറയുമ്പോൾ ആ അച്ഛ-ന്റെ കണ്ണിൽ നിന്നും അനന്ദക്കണ്ണീർ പൊഴിച്ചു. അങ്ങനെ അവൻ തിരുവനന്തപുരത്തെത്തി. അവന്റെ മനസ്സു മുഴുവനും അച്ഛനായിരുന്നു. ഇത്രയും കാലം അച്ഛൻ എന്നെ വളർത്തി ഇനി ഞാൻ അച്ഛനെ നോക്കും എന്ന് ചിന്തിച്ചപ്പോൾ മന-സ്സിൽ സന്തോഷമായി. അവൻ ആ വലിയ ഓഫീസിൽ കയറി. അവിടെയുള്ള ഒരാൾ അവനെ മാനേജരുടെ അടു-ത്തെത്തിച്ചു. അയാൾ ഇന്റർവ്യൂ നടത്തി. എല്ലാത്തിനും അവൻ ഉത്തരം നൽകി. അവനെ ജോലിയിലേക്ക് എടുത്തു. വർഷം കഴിയുന്തോറും അവന കമ്പനിയെ വളർത്തികൊ-ണ്ടു വന്നു. ഇത് കാരണമായി ചന്തുവിനോട് കമ്പനിയിലുള്ള പലർക്കും അസൂയയും വൈരാഗ്യവുമുണ്ടായിരുന്നു. അവൻ എല്ലാവരോടും നല്ല നിലയിലിയിരുന്നു പെരുമാറിയത്.

**പക്ഷേ ശത്രുക്കൾ അവ**നോട് സ്നേഹം നടിച്ചു. അവരുടെ മനസ്സിൽ വൈരാഗ്യവും പകയും പൊങ്ങി വന്നു. അങ്ങനെ ഒരു ദിവസം അവൻ കാറിൽ യാത്ര ചെയ്യുകയായിരുന്നു. ഒരു ലോറി ഇടിച്ച് അവൻ മരിച്ചു. ഉടനെ അവന്റെ അച്ഛനെ അറിയിക്കാൻ വേണ്ടി ഡ്രൈവർ ഫോൺ വിളിച്ചു. അച്ഛൻ തളർന്നു കിടക്കുകയായിരുന്നു. അച്ഛന് ആ ഫോൺ എടുക്കുവാൻ കഴി ഞ്ഞില്ല. അടുത്തുള്ള വീട്ടിലെ ആളുകളെ ശബ്ദമുണ്ടാക്കി വിളിച്ചു. അയൽക്കാർ ഓടി വന്നു. ആ ഫോൺ എടുത്ത്കൊടുത്തു. ഡ്രൈവർ ആ കാര്യം പറഞ്ഞു. താങ്കളുടെ മകൻ ഒരു അപകടത്തിൽ മരിച്ചു. ആ വാർത്ത കേട്ട അവന്റെ അച്ഛൻ തളർന്ന് വീണു. തന്റെ കണ്ണീരിൽ കുതിർന്ന ജീവിത യാത്ര ഓരോന്നായി അച്ഛൻ ഓർത്തു. തന്റെ മകനെ ഓർത്ത് ആ അച്ഛൻ വിലപിച്ചു. കുറേ കാലങ്ങൾക്ക് ശേഷം ആ അച്ഛൻ വിഷമം താങ്ങാനാകാതെ മരണമടഞ്ഞു.

# പ്രകൃതിയുടെ ഭാവങ്ങൾ

ജീവന്റെ നിലനിൽപിൻ അനിവാര്യമായ അത്യാവശ്യഘടകമാണ് പ്രകൃതി. ശുദ്ധമായവായു ശ്വസിക്കാൻ മരങ്ങൾ സഹായകരമാണ്. മരങ്ങൾ പ്രകൃതിയുടെ സമ്പത്താണ്. മനുഷ്യൻ പ്രകൃതിയുടെ മേൽ അമിതമായി കൈയേറുകയാണ് . പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുകയാണ് . അത് സഹിക്കവയ്യാതെ പ്രകൃതി പ്രതികരിച്ചുകൊണ്ടിരിക്കുകയാണ് . മനുഷ്യന്റെ ക്രൂരതകൾ കാരണം ഇന്ന് കാണുന്ന ലോകം തന്നെ നശിച്ചു കൊണ്ടിരിക്കുകയാണ്

വനനശീകരണം, വയൽ നികത്തൽ, മണ്ണിടിക്കൽ ഇങ്ങനെ തുടങ്ങി എല്ലാ കൃത്യങ്ങളും മനുഷ്യൻ നടത്തുന്നു. വയൽ എന്നുപറയുന്നത് ധാന്യശേഖരണത്തിന്റെ ഉറവിടമാണ്. ആ വയലുകളെ മനുഷ്യൻ നികത്തി വലിയ വലിയ കെട്ടിടങ്ങൾ പണിതുയർത്തുന്നു.എത്ര പണം ചെലവാക്കിയാലും ഒരു കാറ്റും മഴയ്ക്കും വേണമെങ്കിൽ ദൈവത്തിൻ എല്ലാം താറുമാറുക്കാൻ കഴിയും. എന്നാൽ ആ ചിന്ത മനുഷ്യനുണ്ടാവുന്നില്ല. കുഞ്ചൻ നമ്പ്യാരുടെ ശ്ലോകങ്ങളിൽ പറയുന്നത് പോലെ മനുഷ്യന് പത്ത് കിട്ടിയാൽ നൂറു കിട്ടണമെന്നും നൂറു കിട്ടിയാൽ ആയിരം കിട്ടണമെന്നുള്ള മനുഷ്യന്റെ അത്യാത്തിയാണ് നാശത്തിലേക്കുള്ള കവാടമായി തുറന്നുവരുന്നത്. പണത്തിന് വേണ്ടി ഒന്നും ചെയ്യാൻ മടിക്കാത്ത ഒരു ജീവിയാണ് മനുഷ്യൻ. മനുഷ്യന്റെ ഈ ചിന്താഗതിയാണ് നമ്മുടെ പ്രകൃതിയുടേയും മറ്റു സ്രോതസ്സുകളുടേയും മേലുള്ള ചൂഷണത്തിന് കാരണം.മനുഷ്യൻ അമിതമായി മരം മുറിക്കുന്നു. ജുവന്റെ സമ്പത്താണ് മരങ്ങൾ.മരമില്ലെങ്കിൽ മനുഷ്യനില്ല. കാരണം പ്രകാശസംശ്ലേഷണത്തിന് വിധേയമായി ഓക്സിജൻ പുറന്തള്ളുന്നത് സസ്യങ്ങളാണ്. മാത്രമല്ല മേഘരൂപീകരണത്തിനും മഴയ്ക്കും മരങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ജലം നീരാവിയായി മുകളിലെക്ക് പോവുകയും പിന്നീട് അത് മഴയായി പെയ്യുകയും ചെയ്യുന്നു.

ജലം നീരാവിയായി മുകളിലോട്ട് പോകണമെങ്കിൽ മരം അത്യാവശ്യമാണ്.

അങ്ങനെയുള്ള മരങ്ങളെ നശിപ്പിക്കുമ്പോൾ പ്രകൃതിയുടെ പ്രതികരണങ്ങൾ പലരീതിയിൽ ഞങ്ങളിലനുഭവപ്പെടുന്നു.
വേനൽക്കാലത്ത് വരൾച്ച അമിതമായി അനുഭവപ്പെടുന്നു. ഒരു തുള്ളി ദാഹ ജലത്തിനായി പോരാടുന്നു. ഇനിയൊരു യുദ്ധം ഉണ്ടെങ്കിൽ അത് ജലത്തിന്റെ പേരിലുള്ള യുദ്ധമായിക്കും.

മഴക്കാലത്ത് കോരിച്ചൊരിയുന്ന മഴ. നാം രണ്ട് വർഷമായി കണ്ടുവരുന്ന പ്രളയം തന്നെ പ്രകൃതിയുടെ ഒരു പ്രതികരണമാണ്. പത്ത് മുന്നൂറ് പേരുടെ ജീവനാണ് ബലിയായി സമർപ്പിച്ചിട്ടുള്ളത്. ഒന്നും അറിയാതെ മണ്ണിലേക്ക് ചുവട് വെച്ച എത്രയെത്ര പിഞ്ചുമക്കളാണ് കഴിഞ്ഞ പ്രളയത്തിൽ കേരളത്തിൻ നഷ്ടമായത്.
കവളപ്പാറയിലുണ്ടായ അതി ഭയങ്കരമായ ഉരുൾപ്പൊട്ടലും പ്രകൃതിയുടെ പ്രതികരണമാണ്. വലിയ വലിയ കെട്ടിടങ്ങളും മറ്റും പ്രളയത്തിൽ ഒലിച്ച പോയി. കവളപ്പാറയിൽ നിന്നും കുറേ മൃദദേഹങ്ങൾ കണ്ടെടുത്തു. കുറേ മൃദദേഹങ്ങൾക്കായി തിരച്ചിൽ നടത്തി.പക്ഷേ കണ്ടെത്താനായില്ല. എത്രയെത്ര പ്രതിഭാസങ്ങളാണ് മനുഷ്യൻ കണ്ടുവരുന്നത്. എന്നാൽ പോലും പ്രകൃതി കൈയ്യേറ്റം ചെയ്യുന്നതിൽ നിന്ന് മനുഷ്യൻ പിന്മാറുന്നില്ല.
മനുഷ്യന്റെ അമിതമായ കൈയ്യേറ്റം കാരണം ഇനി വരുന്ന തലമുറയ്ക്ക് മനസ്സമാധാനമായി ഈ ലോകത്ത് വസിക്കാൻ കഴിയുമോ എന്ന സന്ദേശം ഒരു ഭീഷണിയായി മുന്നിൽ കടന്നു വരുകയാണ്. മനുഷ്യന്റെ ഇങ്ങനെയുള്ള ഇടപെടലുകൾ നിർത്തിയില്ലെങ്കിൽ മനുഷ്യൻ തന്നെയാണ് നാശം. ഇനി പ്രകൃതിയിൽ നിന്ന് ഉണ്ടാകുന്ന പ്രതികരണങ്ങൾ ഇതിനപ്പുറമായിരിക്കും എന്നാണ് എന്റെ നിഗമനം.
മനുഷ്യന്റെ കൈയ്യേറ്റം ലോകത്തെ തന്നെ വിടപറയിക്കാൻ സാഹചര്യം ഉണ്ടാക്കുന്നു. മാത്രമല്ല, വയലുകൾ നികത്തി ഭക്ഷണസാധനങ്ങൾക്കായി നാം മറ്റ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. മറ്റ സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണസാധനങ്ങളിൽ എന്തൊക്കെ കല-ർത്തിയിട്ടുണ്ടാവും എന്ന് ആരും അറിഞ്ഞില്ലല്ലോ?
മാത്രമല്ല സസ്യങ്ങളിലും പച്ചക്കറികളിലുമൊക്കെയുണ്ടാകുന്ന

**കീടങ്ങളെ നശിപ്പിക്കാൻ അവർ ഉപയോഗിക്കുന്ന കീടനാശിനികൾ പല രോഗങ്ങൾക്കും വിധേയമാകുന്നു.**
**ഇങ്ങനെയുള്ള രോഗങ്ങളൊക്കെ പ്രതികരിക്കാൻ സാധിക്കും. എന്നാലും മനുഷ്യന്റെ അഹങ്കാരം മരണത്തിലേക്ക് നയിക്കുന്നു. മനുഷ്യന്റെ പ്രകൃതിയോടുള്ള കൈയ്യേറ്റം കാരണമാണ് കേരളത്തിന് സ്വന്തമായ പാഠശേഖരണങ്ങൾ നഷ്ടമായത്.പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതിന് പ്രത്യുപകാരമായി പ്രകൃതിയുടെ പ്രതികരണങ്ങൾ കടുപ്പമേറിയതായിരിക്കും**

# വെളിച്ചത്തിലേക്ക്

നിശബ്ദമായ ഇരുട്ട് പോലും തന്റെ വിലാപകഥ മൊഴിയുകയായിരുന്നു. മകളോടുള്ള സ്നേഹം മുഴുവൻ ആ രാത്രിയിൽ കണ്ണീരായി . ദുഃഖം നിറ ഞ്ഞൊഴുകുന്ന ആ വലിയ നിശ്ചലമായ മനസുമായി രണ്ട് ആത്മാക്കൾ. ഇന്നലെവരെ തന്റെ നിഴലായി കൂടെയുണ്ടായിരുന്ന മകൾതന്റെ കൺമുന്നിൽ നിന്ന് മറഞ്ഞുപോവുന്നത് എതമ്മയ്ക്കാണ് സഹിക്കാനാവുക? മകൾക്കു ചുറ്റമായിരുന്നു ആ അച്ഛന്റെയും. അമ്മയുടേയും ലോകം. മകളുടെ ജനനം മുതൽ പ്രതീഷകൾ നെഞ്ചേറ്റി നടന്ന അച്ഛൻ ഒരു നിമിഷം തന്റെ ഭൂതകാലത്തിലേക്ക് എത്തിനോ ക്കി.

സൗഹൃദവും പ്രണയവും തീജ്വലയായി പറന്നുയർന്ന യൗവനകാലം. ആനിയെ കാണുന്നതിനു മുമ്പു വരെ ജോണിന് സുഹൃത്തുക്കളായിരുന്നു എല്ലാമെല്ലാം. എന്നാൽ ആനി ആദ്യകാഴ്ചയിൽതന്നെ അവന്റെ മനം കവർന്നു . മറ്റുള്ളവരിൽ നിന്നു വ്യത്യസ്തയായിരുന്നു ആനി. സ്നേഹമെന്തെന്നറിയാതെ അനാഥ. അവൾക്ക് സുഹൃത്തുക്കളില്ലൊമായിരുന്നു.എന്നും മൂകയായിരുന്ന അവൾക്ക്. നല്ലത് പോലെ അഭിനയിക്കാനുള്ള കഴിവുണ്ടായിരുന്നു. അവൾ അവളുടെതായ ലോകത്തിൽ ആരെയും കടക്കാൻ അനുവാദിച്ചിരുന്നില്ല. പഷേ അവൾ ജോണുമായി വളരെ വേഗം അടുത്തു. ജോണിന്റെ വീട്ടുകാരുടെ സമ്മതത്തോടെ വിവാഹവും നടന്നു.

ജോണിന് അമ്മയും സഹോദരിയും മാത്രമാണുണ്ടായിരുന്നത്. അവർ ആനിയോട് സ്നേഹത്തോടെ തന്നെ പെരുമാറി.

ജോണും കുടുംബവും തങ്ങളുടെ സ്നേഹത്താൽ ആനിയുടെ സ്വഭാവം തന്നെ മാറ്റി.

അവൾ എല്ലാവരെയും തിരിച്ചുകിട്ടിയെന്ന സന്തോഷത്തിൽ തന്റെ ജീവിതത്തെ സ്നേഹിച്ചു തുടങ്ങി.

ഒരു കുളിർ ചൊരിയുന്ന പ്രഭാതം. ജോണിൻെറ കുടുംബത്തെ ആ സന്തോഷവാർത്തതേടിയെത്തി. ആ നിഗർഭിയാണെന്ന സന്തോഷം അവർ മതിമറന്നഘോഷിച്ചു. പത്തുമാസവും ജോണും അമ്മയും ആനിയെ പൊന്നുപോലെ നോക്കി. ഒരു രാത്രി പ്രസവവേദനയോടെ നിലവിളിച്ചപ്പോൾ യഥാർതഥത്തിൽ വേദനിച്ചത് ജോണിൻെറയും അമ്മയുടേയും മനസ്സായിരുന്നു. ആ സുന്ദരി കുഞ്ഞി"ആനി ഇവിടെയില്ലെ " പോലീസുകാരൻ ചോദിച്ചു. " ഉണ്ട്. എന്താ കാര്യം? അവൾ ചോദിച്ചു. ഒരു മർഡർ കേസിൽ ആനിയെ അറസ്റ്റ് ചെയ്യാനാ ഞങ്ങൾ വന്നത് പോലീസ് പറഞ്ഞു. അകത്തിരുന്ന ജോൺ ഇതെല്ലാം കേൾക്കുന്നുണ്ടായിരുന്നു. "സാർ

നിങ്ങളിതെന്തൊക്കയാ പറയുന്നെ 60 ജോൺ ചോദിച്ചു.

" എയ്ഞ്ചി ജോണിനെ കൊന്നത് ആനിയാണ് " ഇതുകേട്ട ജോൺ തകർന്നുപോയി. ആനി പുറത്തേക്ക് വന്നു "അതെ ഞാനാ അവളെ കൊന്നത്. ജോണിൻെറ മനസ്സിൽ ഒരു ഇടിമുഴക്കമുണ്ടായി. അവൾ വന്നതോടെ നിങ്ങൾക്കെല്ലാവർക്കും എന്നെ വേണ്ടാതായി.

അവളാ എൻെറ സന്തോഷം തകർത്തത് അവളില്ലാതായാലേ നിങ്ങളെന്നെ സ്നേഹിക്കു. ഇത്രയും പറഞ്ഞ് ആനി ബോധം കെട്ട് വീണു അവളെ ആശുപത്രിയിലെത്തിച്ചു. ഡോക്ടർ പോലീസിനോട് പറഞ്ഞു

“ ആനി ഒരു മെൻറൽ പേഷ്യൻറണ്. സ്നേഹം കിട്ടാതെ വളർന്ന അവൾ ഒരു മനോരോഗിയാണ്.

ജോണിൻെറ സ്നേഹം അവലളിൽ വലിയ മാറ്റുണ്ടാക്കി എന്നാൽ ആ സ്നേഹം തന്നിൽ നിന്ന് അകലുകയാണന്നറിഞ്ഞ അവൾ തൻെറ മകളെ കൊന്നത് "അവൾ ഒരു മനോരോഗിയായതുകൊണ്ട് അവളെ അറസ്റ്റ് ചെയ്യാൻ നിങ്ങൾക്കാനില്ല. ജോൺ ഇനി അവളെ സ്വീകരിക്കുമോ? അവളെ ഏതെകിലും അനാഥാലയത്തിൽ ഞങ്ങൾ ഏൽപ്പിക്കും.

ആനി തൻെറ കൈയിലെ ഉരസുന്ന ചങ്ങലകളെ നോക്കിയിരുന്നു. അവളുടെ മുറിയിലെഇരുട്ടിനെ മുറിച്ചുകൊണ്ട് വാതിൽ തുറന്ന് പ്രകാശം കടന്നുവന്നു ജോൺ ആനിയെ വീട്ടിലേക്കു കൂട്ടി കൊണ്ടു പോയി.നെ ഒരു നോക്ക് കണ്ടപ്പോൾ തന്നെ അതുവരെ കാലമേൽപിച്ചമുറിവുകളെല്ലാം മനസ്സിൽ നിന്ന് അപ്രത്യക്ഷമായി. പിന്നീടുള്ള ഓരോ പുലരിയും ആ കുഞ്ഞിൻെറതായിരുന്നു. അവൾക്കു 'എയ്മി' എന്ന പേരിട്ടതും ജോണിൻെറ അമ്മയായിരുന്നു. എയ്മിയുടെ വരവോടുകൂടി ആ വീട് ഒരു സ്വർഗമായി മാറി. ജോണും ആനിയും എയ്മിയും ഒരു പിക്നിക്കിന് പോയിരുന്നു. തൻെറ പീടു വിട്ടിറങ്ങുബോൾ ഇനി ഒരിക്കലുംതനിക്ക് അവിടെ തിരിച്ചുവരുവാൻ കഴിയില്ലെന്ന് എയ്മി അറിഞ്ഞതേയില്ല. ഒരു മലമുകളിൽ നിന്ന് കാലുതെന്നി വീണാണഎയ്മി മരിച്ചത്. അതോടെ ആ വീട് ഒരു നരഗമായി മാറി

എങ്ങും ദുഃഖം മാത്രം നിറഞ്ഞു. ദിവസങ്ങൾക്ക് ശേഷം അവർ ദുഃഖത്തിൽ നിന്ന് കരകയറാൻ ശ്രമിക്കുകയായിരുന്നു അപ്പോഴാണ്

ആ നടുങ്ങുന്ന വാർത്തയുമായി ഒരു രോലീസുകാരൻ വന്നത്. ജോണിൻെറ സഹോദരി കാര്യമന്വേഷിച്ചു.

"ആനി ഇവിടെയില്ലെ " പോലീസുകാരൻ ചോദിച്ചു. " ഉണ്ട്. എന്താ കാര്യം? അവൾ ചോദിച്ചു. ഒരു മർഡർ കേസിൽ ആനിയെ

അറസ്റ്റ് ചെയ്യാനാ ഞങ്ങൾ വന്നത് പോലീസ് പറഞ്ഞു. അകത്തിരുന്ന ജോൺ ഇതെല്ലാം കേൾക്കുന്നുണ്ടായിരുന്നു. "സാർ

നിങ്ങളിതെന്തൊക്കയാ പറയുന്നെ ജോൺ ചോദിച്ചു.

" എയ്മി ജോണിനെ കൊന്നത് ആനിയാണ് " ഇതുകേട്ട

ജോൺ തകർന്നുപോയി. ആനി പുറത്തേക്ക് വന്നു "അതെ ഞാനാ

അവളെ കൊന്നത്. ജോണിൻെറ മനസ്സിൽ ഒരു ഇടിമുഴക്കമുണ്ടായി. അവൾ വന്നതോടെ നിങ്ങൾക്കെല്ലാവർക്കും എന്നെ വേണ്ടാതായി.

അവളാ എൻെറ സന്തോഷം തകർത്തത് അവളില്ലാതായാലേ നിങ്ങളെന്നെ സ്നേഹിക്കു. ഇത്രയും പറഞ്ഞ് ആനി ബോധം കെട്ട് വീണു

അവളെ ആശുപത്രിയിലെത്തിച്ചു. ഡോക്ടർ പോലീസിനോട് പറഞ്ഞു

" ആനി ഒരു മെൻറൽ പേഷ്യൻറണ്. സ്നേഹം കിട്ടാതെ വളർന്ന അവൾ ഒരു മനോരോഗിയാണ്.

ജോണിൻെറ സ്നേഹം അവലളിൽ വലി60 യ മാറ്റുണ്ടാക്കി എന്നാൽ ആ സ്നേഹം തന്നിൽ നിന്ന് അകലുകയാണന്നറിഞ്ഞ അവൾ തൻെറ മകളെ കൊന്നത് "അവൾ ഒരു മനോരോഗിയായതുകൊണ്ട്

അവളെ അറസ്റ്റ് ചെയ്യാൻ നിങ്ങൾക്കാനില്ല. ജോൺ ഇനി അവളെ സ്വീകരിക്കുമോ? അവളെ ഏതെകിലും

അനാഥാലയത്തിൽ ഞങ്ങൾ ഏൽപ്പിക്കും. ആനി തൻെറ കൈയിലെ ഉരസുന്ന ചങ്ങലകളെ നോക്കിയിരുന്നു. അവളുടെ മുറിയിലെഇരുട്ടിനെ . മുറിച്ചുകൊണ്ട് വാതിൽ തുറന്ന് പ്രകാശം കടന്നുവന്നു.

# ശൈലികൾ

1.അടിതൊട്ടുമുടിവരെ -മുഴുവൻ

2.അഴകിയരാവണനാകുക -

ആടയാഭരണങ്ങളണിഞ്ഞ്സൗന്ദര്യം ഉണ്ടാവുക

3.അറുത്തകൈക്ക് ഉപ്പ്തേക്കരുത്

-നിർദ്ദയനായിരിക്കുക

4. ഇരയിട്ടു മീൻപിടിക്കുക

-അല്പം ചെലവാക്കി വൻലാഭം നേടുക

5. ഉരുളയ്ക്കുപ്പേരി -തക്ക മറുപടി

6. കണക്കു തീർക്കുക- കൊല്ലുക

**7.ദീപാളി കുളിക്കുക – ദുർവ്യയം ചെയ്ത് ദരിദ്രനാകുക**

**8. ധനാശിപാടുക – അവസാനിക്കുക**

**9. നളപാകം – ഒരു കുറവുമില്ലാതെ**

**10. മർക്കടമുഷ്ടി – ശാഠ്യം**


.......................മറുഭാഗത്ത് ഫോൺ പിടിച്ച നിന്ന അച്ഛൻ ആ വാർത്ത കേട്ട് തളർന്ന പോയി .ആ സംഭവം എന്ന് പറയുന്നത് ഒരു കുടുംബം , കുടുംബത്തിൽ അടങ്ങിയിരിക്കുന്ന അംഗങ്ങൾ അച്ഛൻ ,അമ്മ, മകൾ, മകൻ, മുത്തശ്ശി, മുത്തച്ഛൻ നല്ല സന്തോഷപൂർവ്വമാണ് ഈ കുടുംബം ജീവിച്ച പോയത്. മകന്റെ പേര് സന്തോഷ് മകളുടെ പേര് അപർണ എന്നായിരുന്നു . അപർണയുടെ ഏട്ടനായിരുന്നു സന്തോഷ്. അപർണ സൽസ്വഭാവിയും കരുയുള്ളവളും നന്നായി പഠിക്കുന്ന കുട്ടിയുമായിരുന്നു . എന്നാൽ സന്തോഷ് ഇതിന് നേരെ തിരിച്ചും. ഒരു ദിവസം അപർണ വീട്ടിൽ നിന്ന് പഠിച്ച കൊണ്ടിരിക്കുൾ സന്തോഷ് വന്ന് അവളെ ശല്യപ്പെടുത്തി .അപർണ തിരിച്ചൊന്നും ചെയ്യാതെ അച്ഛനോട് പറഞ്ഞു . അച്ഛൻ സന്തോഷിനെ വളരെയേറെ വഴക്കുപറയുകയും ശകാരിക്കുരകയും ചെയ്തു . പാവം... ഇതു കണ്ട് അപർണയ്ക്ക് ചേട്ടനോട് വളരെയേറെ സങ്കടം തോന്നി

എന്നാൽ , സന്തോഷിന് അച്ഛൻ വഴക്ക് പറഞ്ഞതിനും ശകാരിച്ചതിനും പിന്നിൽ നീയാണെന്ന് പറഞ്ഞ് അപർണയെ നന്നായി ഉപദ്രവിച്ചു . അവൾ ഒന്നും മിണ്ടാതെ അമ്മയുടെ അടുത്തേക്ക് പോയി. അമ്മ

....... സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾ

കൊടുങ്കാറ്റു പോലെ വീശിയിടുകയാണ് . ചെറിയ

# BEAUTIFUL DISASTER




*She cut her wrist so beautifully*
*right to the bone,*
*she does this each and every night,*
*when she's all alone*
*no one understands her,*
*not even her friends,*
*she has no one to talk to,*
*she wants it all to just end.*
*Her pain hides behind the smiles*
*and the dark make up she wears*
*she feels life has no point,*
*and that no one cools,*
*she goes to sleep each night,*
*praying that all the*
*pain and sorrow will be go*
*tears stream down her face*
*she tries so had to be strong*
*then this one fatal night,*
*they find her handing from a tree,*
*i think she happy now,*
*because she has finally been set*
feel from all her pain

തമ്മിൽ മിണ്ടിക്കൂടാ.

# Don't say 'no'

*Don't say 'no'*
*when i come for you,*
*I have seen you getting hurt enough*
*I know what you have been through...*

*Don't say 'no'*
*when i run my arms around you,*
*I can only shower my love and care*
*I want you to know that i really do...*

*Don't say 'no'*
*when i hold you really close to me,*
*I went you to rest and breathe*
*release your pain and tears deep whiten...*

*and don't say 'no'*
*when i weep away those tears,*
*please carve a smile wide on your face*
*'co i can never see you frown...*

# ഒറ്റപ്പെട്ട വേദന



ഒരിക്കൽ ഒരു വേനൽകാലമേള നടക്കുന്ന സമയം.ഒരു ബാലൻ അവന്റെ അച്ഛന്റെയും അമ്മയുടെയും കൂടെ മേളം നടക്കുന്ന മൈതാനത്തിലേക്ക് എത്തി. മൈതാനത്ത് അനേകം കച്ചവടക്കാർ ഉണ്ടായിരുന്നു. കളിപ്പാട്ടങ്ങൾ വിൽക്കുന്നവർ, മധുര പലഹാരങ്ങൾ വിൽക്കുവന്നവർ, പൂക്കൾ വിൽക്കുന്നവർ....അങ്ങനെ വിവിധ തപത്തിലുള്ള ആളുകൾ.ബാലൻ എല്ലാവരെയും കണ്ടപ്പോൾ അഹ്ലാദവും അതിശയവും അടക്കാൻ കഴിഞ്ഞില്ല. പലഹാരങ്ങൾക്കായും, കളിപ്പാട്ടങ്ങൾക്കായും അവൻ വാശി പിടിക്കാൻ തുടങ്ങി. എന്നാൽ അവന്റെ അച്ഛൻ അവ ഒന്നും വാങ്ങൻ സമ്മതിച്ചില്ല. നിരാശനായ കുട്ടി അവരുടെ കൂടെ നടന്നു.പെട്ടന്നവൻ എവിടെയോ നിന്ന് ഒരു 'കിർ.. കിര്'ശബ്ദം കേട്ടു.പുരുഷന്മാരും സ്ത്രീകളും ചെയ്യുന്ന കുട്ടികളുമെല്ലാം കറങ്ങുന്ന ഒരു 'ജയന്റെ വീലിൽ 'സവാരി ചെയ്യുന്നത് അവൻ കണ്ടു.അവൻ അങ്ങോട്ട് ഓടി ,തനിക്കും അതിൽ കയറണമെന്ന് മാതാപിതാക്കളോട് പറയാനായി അവൻ പിറകോട് തിരിഞ്ഞപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ല. അവിടെ വച്ച് അവൻ അവന്റെ മാതാപിതാക്കളെ അവൻ നഷ്ടപ്പെട്ടു. അവൻ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. അവനെ ഒരാൾ കാണുകയും ,സഹതാപം തോന്നിയ അയാൾ അവനോട് ചോദിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. കുട്ടിയുടെ കരച്ചിൽ നിർത്താൻ കുറെ ശ്രമിച്ചു പക്ഷെ ,കഴിഞ്ഞില്ല. കുട്ടി കരഞ്ഞു കൊണ്ടേയിരുന്നു .അയാൾ എന്ത് ചെയ്യണമെന്നറിയാതെ കുട്ടിയുമാ ഒരിക്കൽ ഒരു വേനൽകാലമേള നടക്കുന്ന സമയം

ഒരു ബാലൻ  അവന്റെ അച്ഛന്റെയും അമ്മയുടെയും കൂടെ മേളം നടക്കുന്ന
മൈതാനത്തിലേക്ക് എത്തി. മൈതാനത്ത് അനേകം കച്ചവടക്കാർ
ഉണ്ടായിരുന്നു. കളിപ്പാട്ടങ്ങൾ വിൽക്കുന്നവർ, മധുര പലഹാരങ്ങൾ
വിൽക്കുവന്നവർ, പൂക്കൾ വിൽക്കുന്നവർ....അങ്ങനെ വിവിധ തപത്തിലുള്ള
ആളുകൾ.ബാലൻ എല്ലാവരെയും കണ്ടപ്പോൾ അഹ്ലാദവും അതിശയവും
അടക്കാൻ കഴിഞ്ഞില്ല. പലഹാരങ്ങൾക്കായും,  കളിപ്പാട്ടങ്ങൾക്കായും
അവൻ വാശി പിടിക്കാൻ തുടങ്ങി. എന്നാൽ അവന്റെ അച്ഛൻ
അവ ഒന്നും വാങ്ങൻ സമ്മതിച്ചില്ല. നിരാശനായ കുട്ടി അവരുടെ കൂടെ
നടന്നു.പെട്ടന്നവൻ എവിടെയോ നിന്ന് ഒരു 'കിർ.. കിർ'ശബ്ദം കേട്ടു.പുരു-
ഷന്മാരും സ്ത്രീകളും ചെയ്യുന്ന കുട്ടികളുമെല്ലാം കറങ്ങുന്ന ഒരു 'ജയന്റ് വീ-
ലിൽ 'സവാരി ചെയ്യുന്നത് അവൻ കണ്ടു.അവൻ അങ്ങോട്ട് ഓടി ,തനിക്കും
അതിൽ കയറണമെന്ന് മാതാപിതാക്കളോട് പറയാനായി അവൻ പിറകോട്
തിരിഞ്ഞപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ല. അവിടെ വച്ച് അവൻ
അവന്റെ മാതാപിതാക്കളെ അവൻ നഷ്ടപ്പെട്ടു. അവൻ അങ്ങോട്ടും ഓടാൻ
തുടങ്ങി. അവനെ ഒരാൾ കാണുകയും ,സഹതാപം തോന്നിയ അയാൾ
അവനോട് ചോദിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. കുട്ടിയുടെ കരച്ചിൽ നിർ-
ത്താൻ കുറെ ശ്രമിച്ചു പക്ഷെ ,കഴിഞ്ഞില്ല. കുട്ടി കരഞ്ഞു കൊണ്ടേയിരു-
ന്നു .അയാൾ എന്ത് ചെയ്യണമെന്നറിയാതെ കുട്ടിയുമായി എല്ലായിടത്തും
മാതാപിതാകളെ തിരഞ്ഞു.

# മിസ്ഡ് കോൾ

തിരക്ക പിടിച്ച ചർച്ചക്കിടെ
മൊബൈൽ പകുതി
കരഞ്ഞു.
എടുത്തു നോക്കവെ വീണ്ടു
പാതിപാടി നിർത്തി.
മെല്ലെ പരിതാവത്തോടെ
സ്ക്രീനിൽ നോക്കി പറഞ്ഞു ;
"അച്ഛൻ മരിച്ചു"...!
ഹോസ്പിറ്റിലെ
അത്യാഹിക വിഭാ-
ഗത്തിലെ ബെഡ്ൽ
നിന്നും അവന്റെ
ചേട്ടനായിരുന്ന ആ
മിസ്ക്കോൾ ചെയ്തത്.

# FUTURE MAN MADE DISASTERS



## BIOLOGICAL:

Terrorism will be at its maximum.

Civil disorders and religious movement.

Chances of war

World countries will be jealous of Indians devolopment

Indians brain will work for foreign countries to hinder Indians devolopment.



# TECHNOLOGICAL HAZARDS:

**Nuclear plant disasters will be there for sure.**

**Oil, chemical and other disaster material spills.**

**Economic hazards.**

# TRANSFORMATION:

**Air,water, rail and road accidents will quadraple.**

**Accidents dew to new modes of transformation.**

# ഉറൂബ്

മലപ്പുറം ജില്ലയിൽലെ പൊന്നാനിക്കടുത്ത് പള്ളിപ്രം ഗ്രാമത്തിൽ 1915 ജൂണിൽ ഉറൂബ് എന്നറിയപ്പെടുന്ന പി.സി. കുട്ടികൃഷ്ണൻ ജനിച്ചു.കെ.വി കരുണാകര മേനോനും പാറുകുട്ടയമ്മയുമാണ് മാതാപിതാക്കൾ.പൊന്നാനി എവി ഹൈസ്കൂളിലായിരുന്നു വിദ്യാബ്യാസം. പത്താം ക്ലാസിൽ പഠിക്കുന്ന കാലത്ത് തന്നെ കവിത എഴുതി തുടങ്ങി.മംഗോളദയം മാസിക,കോഴി- ക്കോട് ആകാശവാണി എന്നിവിടങ്ങളിൽ ജോലി ചെയ്തു. കുങ്കുമം,മലയാള മനോരമ എന്നീ വാരികകരുടെ പത്രാദിപർ കേരള സാഹിത്യ അകാദമി പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു.നോവലിനുള്ള ആദ്യത്തെ കേരള സാഹിത്യ അകാദമി അവാർഡ് ഉറൂബിന്റെ 'ഉമ്മാച്ചു' വിനായിരുന്നു. കൂടാതെ കേന്ദ്ര- കേരള സാഹിത്യ അകാദമിയും ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ:-ഉമ്മച്ചു,സുന്ദരികളും സുന്ദരൻമാരും, മിണ്ടാപെണ്ണ്.

നോവലുകൾ:-ഉള്ളവരും ഇല്ലാതവരും,ഗോപാലൻ നായരുടെ താടി,തുറന്നിട്ട ജാലകം,മണ്ണിൻ മറയിലെ സൂര്യൻ,ഉറുമ്പിന്റെ കുട്ടിക്കഥകൾ,കതിർകറ്റ,കുഞ്ഞമ്മയും കൂട്ടുകാരും,താമരത്തൊപ്പി, നിലാവിന്റ രഹസ്യം,നീലമല,നീലവെളിച്ചം,അപ്പുവിന്റെ ലോകം, മഖംമൂടികൾ,മൗലവിയും ചങ്ങാതിമാരും,രാച്ചിയമ്മ വെളുത്ത കുട്ടി .കഥാസമാഹാരങ്ങൾ:-തീ കൊണ്ട് കളിക്കരുത്,മണ്ണും പെണ്ണും മിസ് ചിന്നുവും ലേഡി ജനവും

**നാടകങ്ങൾ:– ഉറൂബിന്റെ ശനിയാഴ്ചകൾ.**

# ഇരുണ്ട രാവ്

“ഉമ്മാ എനിക്കിന്ന് സ്പെശ്യൽ ക്ലാസുണ്ട്.ഞാൻ പോട്ടെ" അവൾ ബാഗെടുത്ത് പടിയിറങ്ങി."ക്ലാസോ,എന്താ പെട്ടന്നിപോളൊരു ക്ലാസ്.നീ ഇന്നലെ ഒന്നും പറഞ്ഞിട്ടില്ലല്ലോ?”പെൺകുട്ടികളുടെ മേൽ എന്നും തെറ്റിധരിക്കുന്ന ഉമ്മമാരിൽ ഒരാളായ ആയിശയുടെ ഉമ്മ ചോദിച്ചു. "ഞാൻ മറന്ന് പോയത."അവൾ ചെറുഭയത്തോടെ

പറഞ്ഞു."ഉം ഞാൻ ടീച്ചറെ വിളിച്ച ചോദിക്കും,ട്ടൊ.”ഉമ്മ പറഞ്ഞ് തിരും മുമ്പേ ആയിഷ തുടർന്നു. “ കൊഞ്ചാനൊന്നും സമയില്ലമ്മാ.... ഞാൻ പോക്കാ " അവൾ രണ്ടടി നടന്നപ്പോൾ ഉമ്മ വീണ്ടും "പെണ്ണേ ആട നിക്ക് , എന്തിന്റെ ക്ലാസാണ് എന്ന് കൂടി പറയ് " . "കണക്കാ " അവൾ വിളിച്ച പറഞ്ഞു. “ കണക്കാണോ, ക്ലാസില്ലാന്ന് ഞാൻ അറിഞ്ഞാ, നിന്നെ ഞാൻ കണക്കാക്കും”. ഉമ്മ വിട്ട് കൊടുത്തില്ല . ഉമ്മാന്റെയും മോളുടേയും ചെറുവഴക്ക് കേട്ട് ബാപ്പ അകത്ത് നിന്ന് പുറത്തേക്കിറങ്ങി-വന്നുകൊണ്ടു പറഞ്ഞു. “ ഉമ്മയും മോളും കൂടി രാവിലെ തുടങ്ങിയാ, എന്താ ഇന്നത്തെ കൊഴപ്പത്തിന്റെ കാരണം ?” ഭാര്യ ആമിനാനെ ആക്കികൊണ്ട് അബ്ബ ചോദിച്ചു. “ ഇങ്ങളെ മോള് ക്ലാസുണ്ടെന്നു പറഞ്ഞ് പോയിട്ടുണ്ട് " . “ആതിനെന്താ " ? അബ്ബ അൽപം ചൂടായി. “ഏകമകളാണ് എന്ന് വിചാരിച്ച് താലോലിച്ച് വളർ-ത്തിക്കോ . ഓള് സ്കൂളിലാ പോയിൻ അതോ മറ്റു മാളിലാ പോയ-തെന്ന് ആർക്കറിയാ" . ആമിന പ്രതിശേധിച്ചു . മുറ്റമടിച്ചു കൊണ്ടി-രിക്കുന്ന ആമിന കലിപ്പ് ഒരു മൂലയിലേക്ക് ആഞ്ഞെറിഞ്ഞു.

"നമ്മളെ മോള് ആവിശ്യമില്ലാത്തടുത്ത് പോകൂലാ" . അബ്ബ പറ-ഞ്ഞു . അപ്പോൾ ആമിനയുടെ മറുപടി മൗനമായിന്നു.

ആമിന ഉള്ളിലേക്ക് കയറി.

അബുവിനും ആമിനാക്കും ഏകമകളായി വർ-
ഷത്തിന് ശേഷം ദൈവം കൊടുത്ത വലിയ സമ്മാനമാണ്
ആയിഷ. ആ സന്തോൽത്തിൽ അബു അവളെ ആരംഭിച്ച വഴർത്തി-
യിരുന്നു. പറഞ്ഞതെല്ലാം വാങ്ങിക്കൊടുക്കുമ്പോൾ "അങ്ങനെ വശളാ-
ക്കല്ലേന്ന്" ആമിന പറയാറുണ്ടായിരുന്നു.

"ദാ,ചോറായി, വേണമെങ്കിൽ വന്ന് കഴിക്ക്."ആമിന പറഞ്ഞു. അബു ഉടൻ തന്നെ കസേരയിൽ ഒറ്റിരുത്തം.അപ്പോഴും ആമിന പറഞ്ഞു കൊണ്ടേയിരുന്നു. "ക്ലാസാന്ന് പറഞ്ഞ് പോയ ഒരുത്തിന കാ- ണ്ന്നില്ലല്ല". അബു ചിരിയടക്കിപ്പിച്ചു.ആമിന അറയിൽ പോയി കട്ടിൻ
മേലെ ഇരുന്നു.അബു തിന്ന് പകുതിയായപ്പോൾ ഫോൺ അടിക്കാൻ തുടങ്ങി. തിന്നുന്ന തിരക്കിനിടയിൽ അബു അത് കേട്ടില്ല. "നിങ്ങളെ ഫോണല്ലെ കരീന്ന്". ആമിനയുടെ ദെഷ്യം ഇനിയും മാറിയിട്ടില്ല. അബു
ഫോൺ എടുക്കാൻ പോപ്പോൾ ആമിനയും പിറകെ വന്നു. അബു ഫോണെടുത്തു.ഫോണിന്റെ അകത്തൂടെ പറയുന്നത് കേൾക്കാൻ കഴിയാത്ത ആമിന,അബു നൽകുന്ന മറുപടിയിൽ നിന്ന് എല്ലാം ഊഹി-
ച്ചെടുത്തിരുന്നു. "അതെ,ആയിഷയുടെ ഉപ്പയാണ് എന്തേയ് "എന്ന അബുവിന്റെ മറുപടി കേട്ടപ്പോൾ ആമിനയുടെ ഉള്ളൊന്ന് നീറിയിരുന്നു.
പെട്ടന്ന് അബുവിന്റെ കണ്ണിൽ നിന്ന് അറിയാതെ കണ്ണനീർ തുള്ളികൾ
വരുന്നത് കണ്ടപ്പോൾ ആമിന പൂർണമായും ദുഃഖിച്ചു. ഫോൺ വച്ച് അബു
അറിയാതൊന്നിരുന്നു പോയി. ആമിനയു വേവലാതി മകൾ മറ്റോരുത്തതന്റെ കൂടെ ഒളിച്ചോടിപ്പോയ് എന്നതായിരുന്നു. അവൾ അബുവിനെ കുറ്റപ്പെടുത്തുന്നതായ്,ഞാൻ പറഞ്ഞത്,ബാപ്പയും മോളും
കൂടി വെച്ച പണിയല്ലെ.... ആരുടെ കൂടെയാ മോള് പോയെ ,വല്ല ജോലിയും കലിയുമുള്ള ചെക്കന്റെ കൂടെയാണോ? ആമിന ചൂടായി.
അബു ആമിന ചോദിച്ചതോന്നും കേട്ടത് പോലുമില്ല. പിന്നെ അബു തന്നെ ആമിനയോട് പറഞ്ഞു. "ടീ നമ്മടെ മോള് പോയി" അമിന വീണ്ടും

"അതല്ലെ ഞാൻ പറഞ്ഞത് ഓളുടെ പോക്ക് കണ്ടപ്പൊഴെ തോന്നീന്."
ഇരുവരും മുഖാമുഖം കരയുമ്പോൾ അബു പറഞ്ഞു "എടീ വണ്ടി തട്ടീറ്റ് അടിച്ച്,...... തല പൊട്ടീന്" . ഭാവനയിൽ അബു പറഞ്ഞപ്പോൾ തെറ്റ ധരിച്ച ആമിനയും തളർന്നു പോയി. മറ്റൊരാളുടെ കൂടെ പോയ് എന്ന കരുതിയ ആമിന ഇനി ഒരിക്കലും മോളെ കാണുലല്ലോ എന്ന വേദന കൊണ്ട് ആമിന അലറുകയാണ്. മോൾക്ക് വേണ്ടി എത്രയോ ത്യാഗം സഹിച്ച ഒരുമ്മയുടെ മനസ്സിൽ മകളുടെ മുഖം ദൃഢമായ തെളിഞ്ഞു ആഴത്തിലുള്ള വേദനയിൽ ആ പാവം മാതാപിതാക്കൾ കെട്ടിപ്പിടിച്ചു.


# THE LION AND THE BOAR




IT WAS A HOT SUMMER DAY. A LION AND A BOAR REACH A SMALL WATER BODY FOR A DRINK. THEY BEGIN ARGUING AND FIGHTING ABOUT WHO SHOULD

DRINK FIRST. AFTER A WHILE, THEY ARE TIRED AND STOP FOR BREATH, WHEN THEY NOTICE VULTURES

ABOVE. SOON THEY REALIZE THAT THE VULTURES ARE WAITING FOR ONE OR BOTH OF THEM TO FALL TO FEAST ON THEM. THE LION AND THE BOAR THEN DECIDE THAT IT WAS BEST TO MAKE UP AND BE FRIEND THAN FIGHT AND BECOME FOOD FOR VULTURES. THEY DRINK THE WATER TOGETHER AND GO THEIR WAYS AFTER. MORAL: THOSE WHO STRIVE ARE OFTEN WATCHED BY OTHERS TO TAKE ADVANTAGE OF THEIR


ഇതൊരു പൊൻതൂവലാണ്...
ഭാവിയുടെ വാഗ്ദാനങ്ങളായ കുരുന്നു മനസ്സുകളിൽ
അറിവിന്റെ പുത്തൻ മേഖലകൾ തുറന്ന പൊൻതൂവൽ...